"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - കോഴിക്കോട് ജില്ലയിലെ തെയ്യത്തുംകടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട എൽ.എ.ആർ 180/2014, 254/2014 എന്നീ നമ്പർ കേസുകൾക്ക് ബാലൻസ് വിധിത്തുക അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.162/2026/PWD തിരുവനന്തപുരം, തീയതി,07-02-2026

---

പരാമർശം:- 1. 22.09.2025 തീയതിയിലെ സ.ഉ.(സാധാ)നമ്പർ.1386/2025/PWD

2. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 30.12.2025 തീയതിയിലെ CEPWD/13797/2023-FR10-PWD നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ തെയ്യത്തുംകടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കലിനോടനുബന്ധിച്ചുള്ള കോഴിക്കോട് സബ്കോടതിയിലെ വിവിധ എൽ.എ.ആർ കേസുകൾക്ക് വിധിത്തുക നൽകുന്നതിനായി പരാമർശം (1) പ്രകാരം 1,42,35,016/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്Gനു.

2) മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 180/2014 നമ്പർ എൽ.എ.ആർ കേസിൽ ബാലൻസ് വിധി തുകയായ 19403/- രൂപയും , 254/2014 നമ്പർ എൽ.എ.ആർ കേസിൽ ബാലൻസ് വിധി തുകയായ 24,58,775/- രൂപയും ആവശ്യമുണ്ടെന്നും മുൻപ് ഭരണാനുമതി നൽകിയ 1,42,35,016/- രൂപയോടൊപ്പം ഇപ്പോൾ ആവശ്യമുള്ള 24,78,178/- (19403 + 24,58,775) രൂപയും ചേർത്ത് 1,67,13,194/- രൂപയുടെ പുതുക്കിയ ഭരണാനുമതി 5054-04-337-

80-PC എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകണമെന്നും പരാമർശിത കത്ത് പ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ തെയ്യത്തുംകടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കലിനോടനുബന്ധിച്ചുള്ള കോഴിക്കോട് സബ്കോടതിയിലെ 180/2014 നമ്പർ എൽ.എ.ആർ കേസിൽ ബാലൻസ് വിധി തുകയായ 19403/- രൂപയും , 254/2014 നമ്പർ എൽ.എ.ആർ കേസിൽ ബാലൻസ് വിധി തുകയായ 24,58,775/- രൂപയും നൽകുന്നതിനായി മുൻപ് ഭരണാനുമതി നൽകിയ 1,42,35,016/- രൂപയോടൊപ്പം ഇപ്പോൾ ആവശ്യമുള്ള 24,78,178/- (19403 + 24,58,775) രൂപയും ചേർത്ത് 1,67,13,194/- (ഒരു കോടി അറുപത്തി ഏഴ് ലക്ഷത്തി പതിമൂന്നായിരത്തി നൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം) രൂപയുടെ പുതുക്കിയ ഭരണാനുമതി 5054-04-337-80-PC എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിത എം

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പാലങ്ങൾ വിഭാഗം.

ജില്ലാ കളക്ടർ , കോഴിക്കോട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്&എജഇ),കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ,ഐ&പി.ആർ.ഡി)

കരുതൽ ഫയൽ - D1/427/2025/PWD.

ഉത്തരവിൻ പ്രകാരം

Signed by
Rajesh M R
Date: 07-02-2026 16:47:02

സെക്ഷൻ ഓഫീസർ